ദേശാഭിമാനി
# അക്ഷരമുറ്റം
TALENT FEST 2025

---

## ഉപജില്ലാതല ക്വിസിനുള്ള ചോദ്യങ്ങൾ
## ഹൈസ്കൂൾ വിഭാഗം

### ക്വിസ് മാസ്റ്റർക്കുള്ള നിർദ്ദേശങ്ങൾ

ഉപജില്ലാതല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങളാണ് ഇതോടൊപ്പം. (പവർപോയിന്റ് പ്രസന്റേഷനും ഒപ്പമുണ്ട്). ഉത്തരങ്ങൾ ബ്രാക്കറ്റിൽ ചേർത്തിട്ടുണ്ട്. 20 ചോദ്യങ്ങളാണ് മത്സരത്തിന് ഉപയോഗിക്കേണ്ടത്. ടൈ വരികയാണെങ്കിൽ ഉപയോഗിക്കാനുള്ളതാണ് അവസാനത്തെ 5 ചോദ്യങ്ങൾ. (10 ചോദ്യമെങ്കിലും ക്വിസ്മാസ്റ്റർ കരുതിവയ്ക്കണം). ചോദ്യങ്ങളും ഉത്തരങ്ങളും ക്വിസ്മാസ്റ്റർ മുൻകൂട്ടി നോക്കി അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പ് നടത്തണം. പവർപോയിന്റിൽ തയ്യാറാക്കിയ ഇമേജുകളുമായി ഒത്തുനോക്കണം. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനമുണ്ട്. അവർ ജില്ലാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. അതിന് പറ്റിയ രീതിയിൽ ടൈ ബ്രേക്ക് ചെയ്യണം. വിജയികളുടെ പേരുവിവരം ക്വിസ്മാസ്റ്റർ സാക്ഷ്യപ്പെടുത്തി സംഘാടകരെ ഏൽപിക്കണം. ഉപജില്ലാ കൺവീനർമാർ അവർക്കുള്ള സാക്ഷ്യപത്രം നൽകണം. ജില്ലാ മത്സരകേന്ദ്രത്തിലെ രജിസ്ട്രേഷന് അത് ആവശ്യമാണ്.

1. 'ഇന്ത്യയിലെ മഹാന്മാരായ വിപ്ലവകാരികളിൽ അനശ്വരനായ വ്യക്തി' എന്ന് ഡോ. പൽപ്പുവിനെ വിശേഷിപ്പിച്ചത് ആര്
ഉത്തരം: സരോജിനി നായിഡു

2.ചാറ്റ് ജിപിടിയെ എല്ലാവർക്കുമറിയാം. ഈ നിർമിതബുദ്ധി ചാറ്റ് ബോട്ട് വികസിപ്പിച്ച കമ്പനി ഏത് ?

ഉത്തരം: ഓപ്പൺ എഐ(യു എസ് ആസ്ഥാനമായ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സ്ഥാപനം)

3. ഗ്രീൻപീസ് എന്ന പരിസ്ഥിതി സംഘടനയുടെ ആസ്ഥാനം നെതർലൻഡ്സിൽ എവിടെയാണ്?

ഉത്തരം: ആംസ്റ്റർഡാം

4 . കർണാടകയിൽ
1824 ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കെതിരെ പടപൊരുതിയ കിട്ടൂരിലെ റാണി ആരാണ്?
ഉത്തരം: ചെന്നമ്മ

5.പച്ച+കുതിര= പച്ചക്കുതിര
ഇത് ഏതു സന്ധിക്ക് ഉദാഹരണമാണ്?
ദിത്വ സന്ധി,ആഗമ സന്ധി ആദേശ സന്ധി, ലോപസന്ധി

ഉത്തരം: ദിത്വസന്ധി

6. പദവിയിലിരിക്കെ അന്തരിച്ച ആദ്യ രാഷ്ട്രപതി?

ഉത്തരം: സക്കീർ ഹുസൈൻ

7. ഹാർട്ട് ലാമ്പ് എന്ന കൃതിയിലൂടെ 2025 ൽ ഇന്റർനാഷണൽ ബുക്കർ പ്രൈസ് നേടിയ ബാനു മുഷ്താഖ് ഏതു ഭാഷയിലാണ് എഴുതുന്നത്?

ഉത്തരം: കന്നഡ

techsandquiz.in

8.ഇന്ത്യ ആദ്യമായി ടി 20 ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയത് ഏത് രാജ്യത്ത് നടന്ന മത്സര ത്തിലാണ്?

ഉത്തരം: ദക്ഷിണാഫ്രിക്ക

9. മിന്നാമിനുങ്ങ് പ്രകാശം പുറപ്പെടുവിക്കുന്നത് താഴെ തന്നിരിക്കുന്നതിൽ ഏത് പ്രതിഭാസ മാണ് ?

(ഫ്ലൂറസെൻസ്, ബയോ ലൂമിന സെൻസ്,ഫോസ്ഫോറസെൻസ്, റേഡിയോ ലൂമിനസെൻസ് )

ഉത്തരം: ബയോ ലൂമിനസെൻസ്

10.അമീബിക് മസ്തിഷ്ക ജ്വരത്തെക്കറിച്ചുള്ള വാർത്തകൾ നാം ഇപ്പോൾ ധാരാളമായി കേൾക്കു ന്നുണ്ടല്ലോ? അമീബ എത്ര കോശമുള്ള ജീവിയാണ് ?

ഉത്തരം: ഏകകോശ ജീവി

11. തന്നിരിക്കുന്നവയിൽ ഏതിന്റെ ഉത്പാദനത്തിൽ ആണ് ഇന്ത്യയ്ക്ക് ലോകത്തിൽ ഒന്നാം സ്ഥാനം ഉള്ളത്?

( തേയില,പഞ്ചസാര, പാൽ, കാപ്പി)

ഉത്തരം: പാൽ

12.ലോകത്തിൽ ആദ്യത്തെ നിർമ്മിതബുദ്ധി നിർമ്മിത മന്ത്രി അൽബേനിയയിൽ സ്ഥാനമേ റ്റു. പേരെന്ത്?

ഉത്തരം: ഡിയേല/ഡിയെല്ല( Diella)

13. ആഗസ്റ്റ് 14 ഏറെ സാമൂഹ്യ ബോധവൽക്കരണം ആവശ്യമുള്ളതും വളരെ പ്രാധാന്യമുള്ള തുമായ ഒരു വിഷയവുമായി ബന്ധപ്പെട്ട ഒരു ദിനമായാണ് ആചരിക്കുന്നത്.ഏത് ദിനമാണ്?

ഉത്തരം: ലോക അവയവദാന ദിനം

14. ഭൂമധ്യരേഖയെ രണ്ട് തവണ മുറിച്ചൊഴുകുന്ന നദി?

ഉത്തരം: കോംഗോ

15.ഇന്ത്യൻ വംശജയായ സുനിത ലിൻ വില്യംസ് മൂന്ന് ബഹിരാകാശ യാത്രകളിലൂടെ എത്ര ദി വസമാണ് ബഹിരാകാശത്ത് ചെലവഴിച്ചത്?

(516, 600, 608, 616)

ഉത്തരം: 608

16 നമ്മുടെ പ്രിയപ്പെട്ട ലാലേട്ടൻ ഫാൽക്കെ അവാർഡിനാൽ ആദരിക്കപ്പെട്ടിരിക്കുന്നു. അക്ഷ രമുറ്റത്തിന്റെ സ്വന്തം ബ്രാൻഡ് അംബാസിഡർ ആണല്ലോ അദ്ദേഹം. അദ്ദേഹത്തെ പറ്റി 'അഭി നയകലയിലെ ഇതിഹാസം 'എന്ന പുസ്തകം രചിച്ച പ്രഗത്ഭനായ സാഹിത്യകാരൻ?

ഉത്തരം: പ്രൊഫ. എം കെ സാനു

17. ജെൻ-സി പ്രക്ഷോഭത്താൽ നേപ്പാളിലെ രാഷ്ട്രീയ സാഹചര്യങ്ങൾ മാറിമറിഞ്ഞു. പലർക്കും അധികാരം നഷ്ടപ്പെട്ടു.പുതിയ പ്രധാനമന്ത്രിയായി ചുമതലയേറ്റത് ആരാണ്?

ഉത്തരം: സുശീല കർക്കി

18.71ാമത് ദേശീയ ചലച്ചിത്ര പുരസ്കാരത്തിൽ മികച്ച സഹനടനുള്ള അവാർഡ് വിജയരാഘവന് ലഭിച്ചത് ഏത് സിനിമയിലെ അഭിനയത്തിനാണ് ?

ഉത്തരം: പൂക്കാലം

19. 1943 സെപ്റ്റംബർ 10ന് 26 ാം വയസ്സിൽ ബ്രിട്ടീഷുകാർ തൂക്കിലേറ്റിയ മലയാളിയായ ഐഎൻഎ ഭടൻ ?

ഉത്തരം: വക്കം അബ്ദുൽ ഖാദർ

20. തന്നിരിക്കുന്ന ചിത്രങ്ങളിൽ നിന്ന് ഒറ്റയാനെ കണ്ടെത്തുക?

ഉത്തരം :C ആണ്. ( അതൊഴികെ ബാക്കി എല്ലാ രൂപങ്ങളും വരകൾ ഉപയോഗിച്ച് നാലായി ഭാഗി ക്കപ്പെട്ടിരിക്കുന്നു. സി മാത്രം 3 ആയി ഭാഗിച്ചിരിക്കുന്നു)

**ടൈബ്രേക്കർ ചോദ്യങ്ങൾ**

1.ലോകത്തിലെ ഏറ്റവും ദരിദ്രനായ പ്രസിഡന്റ് 'എന്നറിയപ്പെട്ടിരുന്ന ലാറ്റിനമേരിക്കൻ വിമോചനനായകൻ അടുത്തിടെയാണ് അന്തരിച്ചത്. യുറേഗ്വയ് മുൻ പ്രസിഡന്റായിരുന്ന ഇദ്ദേഹത്തിന്റെ പേര്?

ഉത്തരം: യോസെ മുയിക്ക (Jose 'Pepe' Mujica)

2.സ്മൃതി മന്ദാന ഏത് കളിയിലെ മികച്ച പ്രകടനത്തിലൂടെയാണ് ഇന്ത്യക്കാരുടെ അഭിമാനമായി മാറിയത്?

ഉത്തരം: ക്രിക്കറ്റ്

3.ഐഎസ്ആർഒ തമിഴ്നാട്ടിൽ എവിടെയാണ് പുതിയ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ആരംഭിക്കുന്നത്?

ഉത്തരം: കുലശേഖര പട്ടണം

4.ഡാർവിൻ പോയിന്റ് (Darwin Tubercle/ Darwin's Bump) മനുഷ്യ ശരീരത്തിൽ ഏത് അവയവത്തിലാണ് കാണുന്നത്?

ഉത്തരം: ചെവി

5. 2025ലെ വിമ്പിൾഡൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം നേടിയതാര്?

ഉത്തരം: ഇഗ സിയാടെക്